1979ൽ ആരംഭിച്ച മൃഗങ്ങളുടെ എല്ലിൽനിന്നും ഒസ്സീൻ എന്ന രാസവസ്തു ഉണ്ടാക്കുന്ന കാതിക്കുടത്തെ നിറ്റാ ജലാറ്റിൻ കമ്പനിയും വികസനത്തിന്റെ പേരിലാണ് സ്ഥാപിക്കപ്പെട്ടത്, പക്ഷെ പതിവുപോലെ വികസനം ഇവിടെയും പ്രദേശവാസികളുടെ സ്വപ്നങ്ങളെ തകിടം മറിച്ചു. വിഷലിപ്തമായ നാടിനെയും രോഗികളായ ഒരു ജനതയേയുമാണ് അത് ഒടുവിൽ സൃഷ്ടിച്ചത്. തുടക്കത്തിൽ സംസ്ഥാന വ്യവസായ വികസന കോർപറേഷന്റെ കൈയിലുണ്ടായിരുന്ന കൂട്ടുസംരംഭകരായ നിറ്റാ ജലാറ്റിന്റെയും മിത്സുബിഷി കോർപറേഷന്റെയും പക്കലേക്ക് എത്തിയതോടെ അമിതലാഭത്വരപൂണ്ട് ഉത്പാദന പ്രക്രിയയും മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുമെല്ലാം അട്ടിമറിക്കപ്പെട്ടു. തദ്ദേശവാസികളോട് പുലർത്തേണ്ട സാമാന്യ മര്യാദകൾ പോലും ലംഘിക്കപ്പെട്ടു. കമ്പനിയുടെ പ്രവർത്തനങ്ങൾക്കെതിരെ ജനകീയ സമരം ശക്തമാകുന്ന പശ്ചാത്തലത്തിൽ കാളകൂടമാകുന്ന കാതിക്കുടത്തെക്കുറിച്ച് ഒരു വിശദമായ റിപ്പോർട്ട്. *കഴിഞ്ഞലക്കം തുടർച്ച*

## കാതിക്കുടത്തെ കാളകൂടം – 2

# പുഴയിൽ നിന്നൊരുതുടം കാതിക്കുടം

കെ.കെ. ചന്ദ്രശേഖരൻ

### ഫീൽഡ് ആക്ഷൻ പ്രോജക്ട് റിപ്പോർട്ട്

കാടുകുറ്റി ഗ്രാമപഞ്ചായത്തിലെ 8,10,12 വാർഡുകളിൽ നടക്കുന്ന മലിനീകരണ സംബന്ധിച്ച് ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിലെ സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികൾ അക്കാദമിക് താൽപര്യാർത്ഥം തയ്യാറാക്കിയ ഫീൽഡ് ആക്ഷൻ പ്രോജക്ട് റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ:

#### a) കുടിവെള്ളം

പഠനം നടത്തിയ 4, 11, 13 വാർഡുകളിൽ (75 കുടുംബങ്ങൾ) 40% കുടുംബങ്ങളുടേയും കുടിവെള്ള കിണറുകൾ ഉപയോഗയോഗ്യമല്ല. 46.6% കിണറുകളിൽ അമ്ലത കലർന്നിട്ടുണ്ട്. 36.3% കിണറുകളിൽ ഖരമാലിന്യ സാന്നിദ്ധ്യം കൂടുതലാണ്. സ്വാഭാവിക ജലസ്രോതസ്സായ പെരുംത്തോട് കരമാലിന്യ നിക്ഷേപം മൂലം ഏറ്റവുമധികം മലിനീകരിക്കപ്പെട്ടിരിക്കുന്നു. പെരുംത്തോട്ടിൽ ടി.ഡി.എസ്സിന്റെ അളവ് അനുവദീയമായതിന്റെ (2000 mg/lit) നാലിരട്ടിയലധികമാണ് (8750 mg/lit) ക്ലോറൈഡിന്റെ അളവും നാലിരട്ടിയിലധികമാണ്. (4450 mg/lit).

വ്യാവസായിക മലിനീകരണത്തിൽ നിന്നും ഉണ്ടാകുന്ന കാൽസ്യം, മഗ്നീഷ്യം, സോഡിയം, പൊട്ടാസ്യം കാർബണേറ്റുകൾ, ബൈകാർബണേറ്റുകൾ തുടങ്ങി ജലത്തിൽ ലയിച്ചു ചേർന്നിട്ടുള്ള ആകാർബണിക കാർബണിക സംയുക്തങ്ങളെ ആണ് പൊതുവെ TDS (Total Dissolved Solid) എന്നു പറയുന്നത്. കൂടിയ അളവിൽ കാൽസ്യം, മഗ്നീഷ്യം, ക്ലോറിൻ, സൾഫേറ്റ് തുടങ്ങിയവ ജലത്തിൽ ലയിച്ചു ചേരുന്നതുമൂലം ഹൃദ്രോഗത്തിന്റെ സാധ്യത വളരെ കൂടുതലാണെന്ന് ചില പഠനങ്ങൾ സൂചിപ്പിക്കുന്നു.

ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് അനുസരിച്ച് ഒരു ലിറ്റർ ജലത്തിൽ ക്ലോറിന്റെ അളവ് (ക്ലോറൈഡ്) പരമാവധി 250 Mg/Ltr. വരെ ആകാം. എന്നാൽ പഠനത്തിന്റെ ഭാഗമായി ശേഖരിച്ച സാമ്പിളിൽ ക്ലോറൈഡിന്റെ അളവ് ഒരു ലിറ്റർ ജലത്തിൽ 4450 Mg/Ltr. ആണ്. ക്ലോറൈഡിന്റെ അളവ് വർദ്ധിക്കുന്നതിനാൽ ജലത്തിലെ ജൈവിക സംയുക്തങ്ങളുമായി പ്രതിപ്രവർത്തിക്കുകയും ഓർഗാനോ ക്ലോറിൻ പദാർത്ഥങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. ഓർഗാനോ ക്ലോറിൻ അർബുദത്തിന് കാരണമാകുന്നു. ക്ലോറിൻ അമിതമായി അടങ്ങിയ ജലം മനുഷ്യനിൽ ബ്ലാഡർ ക്യാൻസർ, റക്ടൽ ക്യാൻസർ, തുടങ്ങിയ മാരകമായ രോഗങ്ങൾക്ക് കാര

ണമാകുന്നു. 1998-ലെ കാലി ഫോർണിയൻ പഠനങ്ങൾ സൂചിപ്പി ക്കുന്നത് ക്ലോറിൻ അടങ്ങിയ കുടി വെള്ളം ഉപയോഗിക്കുക വഴി സ്ത്രീകളിൽ ഗർഭഛിദ്രത്തിനുള്ള റിസ്ക് ഇൻഡക്സ് കൂടുതലാണ് എന്നാണ്.

### b) ആരോഗ്യം

പഠനത്തിൽ ഉൾപ്പെട്ടവരിൽ 60.5% കുടുംബങ്ങളിൽ ഒരാളെങ്കിലും രോഗബാധിതൻ/ബാധിതയാണ്. 70.6% പേരും ശ്വാസകോശസം ബന്ധമായ അസുഖങ്ങൾ ഉള്ളവ രാണ്. 36% ത്വക്ക് രേഗബാധിത രാകുന്നു. 13.2% പേരും ക്യാൻസർ ബാധിതരാണ്.

### c) കാർഷികമേഖല

മലിനീകരണം മൂലം പരമ്പരാഗത കാർഷികോൽപ്പന്നമായ നെല്ല്, നാളികേരം തുടങ്ങിയ കാർഷികവിള കളിൽ വിളവ്യതിയാനം സംഭവിക്കു ന്നതായി അഭിപ്രായ പ്പെട്ടവർ 43.3% പേർ. വിളവ്യതിയാനം ഏറ്റവും കൂടുതൽ കണ്ടുവരുന്നത്. തൈക്കൂ ട്ടം വാർഡിലാണ് പുഴയിലൂടെ ഒഴുകി വരുന്ന ഖരമാലിന്യങ്ങൾ അധികവും അടിഞ്ഞു കൂടുന്നത്.

### മലിനീകരണം സംബന്ധിച്ച അറിവ്

മലിനീകരണം പ്രധാനമാ യും വ്യവസായശാല മൂലമാണെന്ന് 89.3% പേരും അഭിപ്രായപ്പെട്ടിട്ടുണ്ട്. മാത്രമല്ല വ്യവസായശാലകളിൽ നിന്നുള്ള ഖര, ദ്രവ മാലിന്യങ്ങൾ അശാസ്ത്രീയമായ വിധമാണ് നിർമാർജ്ജനം ചെയ്യുന്നതെന്നുള്ള അഭിപ്രായം വളരെ പ്രാധാന്യമർ ഹിക്കുന്നു. (63.2%).

### പ്രതിഷേധങ്ങളും പ്രക്ഷോഭങ്ങളും

കെ.സി.പി.എൽ. കമ്പനി സ്ഥാപിത മായതോടെ പ്രതിഷേധങ്ങളും ഉയരാൻ തുടങ്ങി. കണ്ണാമ്പലത്ത് അയ്യപ്പൻ നായർ പ്രതിക്ഷേധങ്ങൾക്ക് തുടക്കം കുറിച്ചു. നാട്ടുകാരനും കൂടിയായ കവി സച്ചിചദാനന്ദൻ പുഴങ്കരയും സുഹൃത്തുക്കളും കമ്പനിക്കെതിരെ പ്രതികരിച്ച വരായിരുന്നു. കമ്പനി പ്രവർത്തനമാ രംഭിച്ച കാലത്തു തന്നെ മാതൃഭൂമി ദിനപത്രത്തിൽ കമ്പനിക്കെതിരെ ലേഖനം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.




മലിനീകരണം മൂലം പരമ്പരാഗത കാർഷികോൽപ്പന്നമായ നെല്ല്, നാളികേരം തുടങ്ങിയ കാർഷികവിളകളിൽ വിളവ്യതിയാനം സംഭവിക്കുന്നതായി അഭിപ്രായപ്പെട്ടവർ 43.3% പേർ. വിളവ്യതിയാനം ഏറ്റവും കൂടുതൽ കണ്ടുവരുന്ന തൈക്കൂട്ടം വാർഡിലാണ് പുഴയിലൂടെ ഒഴുകി വരുന്ന ഖരമാലിന്യങ്ങൾ അധികവും അടിഞ്ഞു കൂടുന്നത്. മലിനീകരണം പ്രധാനമായും വ്യവസായശാല മൂലമാണെന്ന് 89.3% പേരും അഭിപ്രായപ്പെട്ടിട്ടുണ്ട്. മാത്രമല്ല വ്യവസായ ശാലകളിൽ നിന്നുള്ള ഖര, ദ്രവ മാലിന്യങ്ങൾ അശാസ്ത്രീ യമായ വിധമാണ് നിർമാർജ്ജനം ചെയ്യുന്നതെന്നുള്ള അഭിപ്രായം വളരെ പ്രാധാന്യമർഹിക്കുന്നു. (63.2%)

എ.കെ. ഹരി, എം. ഐ പൗലോസ്, ഷാജു ജോസഫ്, എ കുമാരൻ, കെ.കെ. ചന്ദ്രൻ, ഇ അച്യുതൻ, അഡ്വ. അനിൽ, കുഴുപ്പിള്ളി ബാബു, ടി.എ. ഹസ്സനാർ തുടങ്ങിയ വ്യക്തികൾ പല ഘട്ടങ്ങളിലായി സമരങ്ങൾക്ക് നേതൃത്വം നൽകിയി ട്ടുണ്ട്. കെ.സി.പി.എൽ മലിനീകരണ വിരുദ്ധ ജനകീയ സമിതി വിപുല മായ ഒരു കൺവെൻഷൻ 2003. ജൂണിൽ കാതിക്കുടം യു.പി. സ്ക്കൂ ളിൽ നടത്തുകയുണ്ടായി. ചാലക്കുടി പുഴ സംരക്ഷണ സമിതി, ശാസ്ത്ര സാഹിത്യ പരിഷത്ത് തുടങ്ങിയ സംഘടനകളേയും പരിസ്ഥിതി പ്രവർത്തകരേയും കാടുകുറ്റി, കൊരട്ടി, അന്നമനട, കുഴൂർ, പുത്തൻ വേലിക്കര, കുന്നുകര പാറക്കടവ് തുടങ്ങിയ ഗ്രാമപഞ്ചായത്തു പ്രസി ഡന്റുമാരെയും ജില്ലാ പഞ്ചായത്തു മെമ്പർമാരെയും മറ്റു ജനപ്രതിനിധി കളെയും പങ്കെടുപ്പിച്ചു കൊണ്ടാ യിരുന്നു കൺവെൺഷൻ.

കമ്പനിയുടെ സമ്മർദ്ദ തന്ത്രങ്ങ ൾക്കും പ്രലോഭനങ്ങൾക്കും വശംവദ രായി ആദ്യകാല സമരങ്ങൾ പലതും നിർജ്ജീവമായി. എട്ടോളം കേസ്സു കൾ കമ്പനിക്കെതിരായി വ്യക്തികൾ നൽകിയിരുന്നെങ്കിലും അവയൊക്കെ വാദികൾ ഹാജരാകാതെ അവസാനി പ്പിക്കുകയായിരുന്നു.

നിലവിൽ കമ്പനിക്കെതിരെ ഹൈ ക്കോടതിയിൽ നിയമനടപടി കളുമായി മുന്നോട്ടു പോകുന്നത് ജിജോ മാത്യു, ജോഫി തേലേക്കാട്ട്, ബാബു-ജോജി, കാടുകുറ്റി ഗ്രാമപഞ്ചായത്ത് എന്നിവരാകുന്നു.

### ആക്ഷൻ കൗൺസിൽ

കാതിക്കുടം കെ.സി.പി.എൽ കമ്പ നിയിൽ (NGIL) നിന്നു രാസമാലിന്യ ങ്ങൾ തള്ളുന്നത് ഒഴിവാക്കണമെന്നും

മാലിന്യം സംസ്കരിച്ച് പൊതുജനാരോഗ്യം സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് ടി.എ. ഹസ്സനാരുടെയും അപ്പു കുറ്റിപ്പാട്ടിന്റെയും നേതൃത്വത്തിൽ ജനകീയ പ്രതികരണവേദി നടത്തിയ വാഹന പ്രചരണ ജാഥയുടെ സമാപനത്തോടെ 2008 മാർച്ച് 23 ന് കമ്പനിപ്പടിക്കൽ വച്ച് ആക്ഷൻ കൗൺസിൽ രൂപീകരിച്ചു. ജയൻ പട്ടത്ത് ചെയർമാനും, അപ്പു കുറ്റിപ്പാട്ട് ജനറൽ കൺവീനറുമായി.

### നാൾവഴികൾ

**2008 മാർച്ച് 26 :** കമ്പനിപ്പടിക്കൽ ധർണ്ണ, ഉദ്ഘാടനം : വർഗ്ഗീസ് തൊടുപറമ്പിൽ

**2008 നവംബർ 11 :** കമ്പനിയിൽ നിന്നുള്ള മാലിന്യം പുഴയിൽ ഒഴുക്കാതിരിക്കുന്നതിനും രേഖകളില്ലാതെ ഖരമാലിന്യം പുറത്തു കൊണ്ടുപോകുന്നതു തടയുന്നതിനും കൊരട്ടി പോലീസ് സ്റ്റേഷനിൽ എസ്.ഐ. യുടെ സാമീപ്യത്തിൽ ധാരണയായി. മാനേജുമെന്റിനു വേണ്ടി എക്സിക്യൂട്ടീവ് ഡയറക്ടർ ഡി. രവീന്ദ്രനാഥ് ജനറൽ മാനേജർ ഷാജി മോഹൻ, ജോയ് ജോസ് എന്നിവരും ആക്ഷൻ കൗൺസിലിനു വേണ്ടി അപ്പു കുറ്റിപ്പാട്ട്, ജയൻ പട്ടത്ത്, കെ.എം. അനിൽകുമാർ, വി.ആർ. ബാബു എന്നിവരും കരാറിൽ ഒപ്പു വെച്ചു.

**2008 നവംബറിൽ 15 :** 24 മണിക്കൂറും പ്രവർത്തിക്കുന്ന ട്രീറ്റ്മെന്റ് പ്ലാന്റിലൂടെ വെള്ളം ശുദ്ധീകരിച്ചാണ് ഇവിടെനിന്നും പുറത്തേക്ക് വിടുന്നതെന്നും ഉൽപ്പന്നങ്ങളോ ഉൽപ്പന്നങ്ങൾക്കാവശ്യമായ വസ്തുക്കളോ അല്ലാതെ മറ്റൊന്നും ലോറി മാർഗ്ഗമോ അല്ലാതെയോ പുറത്തേക്ക് കൊണ്ടുപോകുന്നില്ലെന്നും കമ്പനിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ഡി. രവീന്ദ്രനാഥിന്റെ പത്രപ്രസ്താവന.

**2008 നവംബർ 17 :** മതിയായ രേഖകളില്ലാതെ കമ്പനിയിൽ നിന്നും മാലിന്യം കടത്തുകയായിരുന്ന വാഹനം തടഞ്ഞ ആക്ഷൻ കൗൺസിൽ പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്യുന്നു. അറസ്റ്റിൽ പ്രതിഷേധിച്ച് ആക്ഷൻ കൗൺസിൽ പ്രകടനം, കമ്പനിപ്പടിക്കൽ ധർണ്ണ.

**2008 നവംബർ 16 :** മാലിന്യ പ്രശ്നത്തിനെതിരെ പനമ്പിള്ളി സ്മാരക വായനാശാലാഹാളിൽ ബോധവത്ക്കരണം സെമിനാർ. ഉദ്ഘാടനം : സി.ആർ. നീലകണ്ഠൻ. പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മോഹനൻ, ഡോ. എ. ലത, എസ്. പി. രവി, എം. മോഹൻദാസ്, സച്ചിദാനന്ദൻ പുഴങ്കര, ത്രേസ്യാമ മാത്യു എന്നിവർ പങ്കെടുത്തു.

**2008 നവംബർ 17 :** കമ്പനിക്കെതിരെ മലിനീകരണം ആരോപിക്കുന്നത് ശരിയല്ലെന്നും ഇവിടെ ഉപയോഗിക്കുന്നത് വീര്യം കുറഞ്ഞ ഹൈഡ്രോക്ലോറിക് ആസിഡാണെന്നും തൊഴിലാളി യൂണിയനുകളുടെ സംയുക്ത പത്രപ്രസ്താവന.

**2008 നവംബർ 23 :** രാസമാലിന്യം വളമാണെന്ന വ്യാജേന പാളയം പറമ്പിലും മുരിയാട്, പെരുമ്പാവൂർ, പാലക്കാട് മേഖലകളിലും കമ്പനി നിക്ഷേപിക്കുന്നതായി ആരോപണം, പത്രപ്രസ്താവന.

**2009 ജനുവരി 17 :** വാഹന പ്രചരണ ജാഥ

**2009 ജനുവരി 18 :** കമ്പനിപ്പടിക്കൽ ജനകീയ പ്രതിരോധ കൂട്ടായ്മ. ഉദ്ഘാടനം : പി.യു.സി.എൽ. സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എ. പൗരൻ. പുരുഷൻ ഏലൂർ, ജോയ് കൈതാരത്ത്, രാജു പുഴങ്കര തുടങ്ങിയവർ പങ്കെടുത്തു.

**2009 ഏപ്രിൽ 25 :** കാടുകുറ്റി പഞ്ചായത്ത് ഓഫീസിനു മുന്നിൽ കൂട്ടധർണ്ണ. ഉദ്ഘാടനം : സി.ആർ നീലകണ്ഠൻ. ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് ഡോ. പി.എസ്. ബാബു, സി.കെ ശിവദാസൻ തുടങ്ങിയവർ പങ്കെടുത്തു.

**2009 ജൂൺ 27 :** വാളൂർ NSH. സ്കൂളിൽ ബോധവത്ക്കരണ സെമിനാർ ഉദ്ഘാടനം : പി.യു.സി.എൽ. സംസ്ഥാന പ്രസിഡന്റ് അഡ്വ. ടി. ചന്ദ്രശേഖർ. മുഖ്യാതിഥി : ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലീനഡേവീസ് മുരിയാട് സമരനായകൻ വർഗ്ഗീസ് തൊടുപറമ്പിൽ, ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറം കൺവീനർ എസ്. പി. രവി, അതിരപ്പിള്ളി ആക്ഷൻ കൗൺസിൽ കൺവീനർ എം. മോഹൻദാസ്, സോളിഡാരിറ്റി ജില്ലാ പ്രസിഡന്റ് സദറുദ്ദീൻ എന്നിവർ പങ്കെടുത്തു.

**2009 ജൂലൈ 1 :** കമ്പനിയിൽ നിന്ന് ദുർഗന്ധം. കുട്ടികൾ ചന്ദനത്തിരി കത്തിച്ച് പ്രതിഷേധ സമരം. ദുർഗന്ധം മൂലം കുട്ടികൾക്ക് പഠിക്കാനാകുന്നില്ലെന്നും ശ്വാസതടസ്സം അനുഭവപ്പെടുന്നുവെന്നും പരാതി. ഉദ്ഘാടനം : അഖിൽ വിജയൻ, ധീരജ് സുനിൽ കുമാർ, ദ്രാവിജ് വേണു, റിഷി കേശ്, ജയൻ പട്ടത്ത് ബാബു നമ്പാടൻ, സുജിത്ത് ചൂപ്രത്ത് എന്നിവർ പങ്കെടുത്തു.

**2009 ജൂലൈ 5 :** ചലഞ്ചേഴ്സ് കക്കാടിന്റെ സംഘാടനത്തിൽ കക്കാട് എസ്.എൻ.ഡി.പി. സെന്ററിൽ വിശദീകരണയോഗം. വർഗ്ഗീസ് തൊടുപറമ്പിൽ, സലാം ചൊവ്വര തുടങ്ങിയവർ സംസാരിച്ചു.

**2009 ജൂലൈ 20 :** കമ്പനിയുടെ മലിനജല പൈപ്പ് പൊട്ടി പാടശേഖരങ്ങളിൽ മാലിന്യം നിറഞ്ഞപ്പോൾ മാലിന്യവുമായി കമ്പനിപ്പടിക്കലെത്തി ആക്ഷൻ കൗൺസിൽ പ്രതിഷേധിച്ചു.

**2009 ജൂലൈ 26 :** ആക്ഷൻ കൗൺസിലിന്റെയും സോളിഡാരിറ്റിയുടേയും നേതൃത്വത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് കാതിക്കുടം യു.പി. സ്കൂളിൽ.

**2009 ആഗസ്റ്റ് 7 :** കമ്പനിയിൽ നിന്നും കൊണ്ടുപോകുകയായിരുന്നു മാലിന്യം റോഡിൽ വീണതിനെ തുടർന്ന് സമരസമിതി പ്രവർത്തകരും പഞ്ചായത്തധികൃതരും ചേർന്ന് വാഹനം തടയുന്നു. കമ്പനി ജീവനക്കാരെത്തി മാലിന്യം വീണ റോഡ് വൃത്തിയാക്കുന്നു.

**2009 ആഗസ്റ്റ് 13 :** നിയമസഭാ പരിസ്ഥിതി സമിതിയുടെ തെളിവെടുപ്പിൽ കമ്പനിക്കെതിരെ സമരസമിതി പരാതി നൽകി.

**2009 ആഗസ്റ്റ് 15 :** കാടുക്കുറ്റിസെന്ററിൽ മനുഷ്യാവകാശ കൂട്ടായ്മ സി.ആർ. നീലകണ്ഠൻ, വർഗ്ഗീസ് തൊടുപറമ്പിൽ, ലാലൂർ മലിനീകരണ വിരുദ്ധ സമിതി നേതാവ്. ടി. കെ. വാസു, ജോയ് കൈതാരത്ത്, എസ്.എം. സൈനുദ്ദീൻ, എസ്. പി. രവി, സച്ചിദാനന്ദൻ പുഴങ്കര തുടങ്ങിയവർ പങ്കെടുത്തു.

2009 സെപ്റ്റംബർ 23 : പാലക്കാട് ജില്ലയിൽ കൊല്ലങ്കോട് ഭാഗത്ത്

കമ്പനി രാസമാലിന്യം നിക്ഷേപിക്കുന്നത് സമരസമിതി പ്രവർത്തകർ കണ്ടെത്തുന്നു.

**2009 സെപ്റ്റംബർ 27 :** സമരസമിതി പ്രവർത്തകർ കൊല്ലങ്കോട്ട് കുതിമൂളിക്കടുത്ത് പാത്തിപ്പാറയിൽ രാസമാലിന്യം നിക്ഷേപിച്ച സ്ഥലം സന്ദർശിക്കുന്നു. ഒരു ലോഡിന് 1000 രൂപ വീതം സ്ഥലമുടമയ്ക്ക് നൽകിക്കൊണ്ടാണ് കമ്പനി അവിടെ മാലിന്യം നിക്ഷേപിക്കുന്നതത്രെ. മലഞ്ചെരുവിൽ ആയിരക്കണക്കിന് ടൺ മാലിന്യം നിക്ഷേപിച്ചതായി കണ്ടെത്തി.

**2009 സെപ്തംബർ 25 :** സ്ഥലം എം.എൽ.എ ബി.ഡി. ദേവസ്സി കാതിക്കുടം പനമ്പിള്ളി സ്മാരക വായനശാലയിൽ വിളിച്ചുചേർത്ത യോഗത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ എസ്.ഡി. ജയപ്രസാദ്, അസി. എൺവയോൺമെന്റ് എഞ്ചിനീയർ കൃഷ്ണൻ തുടങ്ങിയവരും കമ്പനിയിലെ യൂണിയൻ നേതാക്കളും, ആക്ഷൻ കൗൺസിൽ പ്രവർത്തകരും, നാട്ടുകാരും പങ്കെടുത്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലീന ഡേവീസ്, കാടുകുറ്റി പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മോഹനൻ, മുൻ പ്രസിഡന്റ് കെ.ഡി. വർഗ്ഗീസ് തുടങ്ങിയ ജനപ്രതിനിധികളും പങ്കെടുത്ത പ്രസ്തുത യോഗത്തിൽ കമ്പനിയ്ക്കെതിരെ ശക്തമായ ജനവികാരം പ്രകടമായി. നിങ്ങൾ പറഞ്ഞതെല്ലാം ഞാൻ ഗൗരവത്തിലെടുത്തിട്ടുണ്ടെന്നും താമസിയാതെ തക്കനടപടികൾ കൈക്കൊള്ളുന്നതായിരിക്കുമെന്നും പറഞ്ഞുകൊണ്ടാണ് ചെയർമാൻ സ്ഥലം വിട്ടത്.

**2009 ഒക്ടോബർ 15 :** സാറാ ജോസഫും, സി.ആർ നീലകണ്ഠനും കമ്പനി പരിസരം സന്ദർശിക്കുന്നു. അമ്മമാർ ടീച്ചറോട് തങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വിശദീകരിക്കുന്നു. വൈകുന്നേരങ്ങളിലെ രൂക്ഷഗന്ധം മൂലം കുഞ്ഞുങ്ങൾ ശ്വാസം കിട്ടാതെ പിടഞ്ഞു കരയുന്നതും കുടിയ്ക്കാൻ തിളപ്പിക്കുന്ന വെള്ളത്തിൽ എണ്ണപ്പാട പോലെ കാണപ്പെടുന്നതും ജീവിയ്ക്കാൻ വയ്യാത്ത അവസ്ഥയും ടീച്ചറോട് പറയുന്നു. കുറച്ചുസമയം ഇവിടെ ഇരിക്കുമ്പോഴേക്കും തനിക്ക് വല്ലാത്ത Suffocation അനുഭവപ്പെടുന്നുവെന്നും നിങ്ങളെങ്ങനെ ഇതു സഹിക്കുന്നുവെന്നും ടീച്ചർ തിരിച്ച് ചോദിച്ചു. മലിനീകരണത്തിനെതിരെ അമ്മമാർ സമരരംഗത്തിറങ്ങണമെന്നും ഞാൻ നിങ്ങളോടൊപ്പം ഉണ്ടാവുമെന്നും ഈ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നുവെന്നും പറഞ്ഞുകൊണ്ടാണ് അവർ പോയത്.

**2009 നവംബർ 8 :** കാതിക്കുടത്ത് വനിതാ കൂട്ടായ്മ പ്രൊഫ. കുസുമം ജോസഫ് ഉദ്ഘാടനം ചെയ്യുന്നു. പുഴയിൽ കുളിച്ചും കളിച്ചും വളർന്ന ഒരുപാട് ഓർമ്മകൾ നമുക്കെല്ലാവർക്കും ഉണ്ടെന്നും നമ്മുടെ മക്കൾക്കും അതിനു കഴിയേണ്ടതല്ലേ എന്നും ചോദിച്ചുകൊണ്ടാണ് ടീച്ചർ ആരംഭിച്ചത്. സ്ത്രീ ശക്തി അപൂർവ്വമായേ ഉണരാറുള്ളൂവെന്നും ആ ഉണർച്ച ഇപ്പോൾ നമ്മുടെ മക്കൾക്കുവേണ്ടി ഉണ്ടാകണമെന്നും അവർ ആവശ്യപ്പെട്ടു. പൂതപ്പാട്ടിലെ ഭൂതത്തിന് സ്വന്തം കണ്ണുകൾ പറിച്ചു നൽകി ഇതിലും വലിയതാണെന്റെ പൊന്നോമന അവനെ തിരിച്ചുനൽകൂ എന്നാവശ്യപ്പെട്ട അമ്മയെപ്പോലെ എന്തു ത്യാഗം സഹിച്ചും തങ്ങളുടെ മക്കൾക്കുവേണ്ടി നിറ്റാജലാറ്റിനെന്ന ഈ ദുർഭൂതത്തെ നാട്ടിൽ നിന്നും ആട്ടിയോടിക്കാൻ അമ്മമാർ തയ്യാറാവണമെന്നും അവരാവശ്യപ്പെട്ടു. എം. മോഹൻദാസ്, സറണ്ടർ കെ.തോമസ്, ഡെന്നീസ് കെ. ആന്റണി, എൻ.കെ ഉണ്ണി, രാജൻ പുഴങ്കര തുടങ്ങിയവരും പങ്കെടുത്തു.


***ഭോപ്പാൽ ദിനാചരണം***

**ഡിസംബർ 2 കാതിക്കുടം**

എൻ.ജി.ഐ.എൽ. കമ്പനിക്കു മുന്നിൽ
പ്രൊഫ.സുകുമാർ അഴീക്കോട്, സി.ആർ.നീലകണ്ഠൻ,
അഡ്വ.എ. ജയശങ്കർ, പ്രൊഫ.കുസുമം ജോസഫ്.


കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ രാസമാലിന്യങ്ങൾ കമ്പനി നിക്ഷേപിക്കുന്നതായി ഇതിനകം പലയിടങ്ങളിൽ നിന്നും ആക്ഷേപങ്ങൾ ഉയർന്നിട്ടുണ്ട്.

പ്രലോഭനങ്ങൾക്കും ഭീഷണികൾക്കും മുന്നിൽ അടിപതറാതെ നിശ്ചയദാർഢ്യത്തോടെ സമരരംഗത്ത് നിലയുറപ്പിച്ചുത കൊണ്ടാണ് സമരസമിതിക്ക് ജനപിന്തുണ ആർജ്ജിക്കാനായത്. പാടത്തും പുഴയിലും മാത്രമല്ല നടുറോഡിൽ പോലും കമ്പനി പുറന്തള്ളിയ വിഷമാലിന്യങ്ങൾ സമയാസമയങ്ങളിൽ ആക്ഷൻ കൗൺസിൽ ബന്ധപ്പെട്ട അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുകയും പത്ര ദൃശ്യമാധ്യമങ്ങളിൽ വലിയ വാർത്തയാവുകയും ചെയ്തു. പഞ്ചായത്ത് താത്ക്കാലികമായി കമ്പനി ഉത്പ്പാദനം നിർത്തി വെയ്ക്കാനുത്തരവിട്ടതും മലിനീകരണ നിയന്ത്രണ ബോർഡ് മലിനജലം പരിശോധിച്ചതും ആക്ഷൻ കൗൺസിലിന്റെ പ്രവർത്തന ഫലമായാണ്. പക്ഷേ കോടതിയുത്തരവിന്റെ പിൻബലത്തിൽ കമ്പനി തുറന്നു പ്രവർത്തിക്കുകയും മലിനീകരണം യഥേഷ്ടം തുടരുകയും ചെയ്യുന്നു.

ഒരു ജനകീയ മുന്നേറ്റത്തിലൂടെ മാത്രമേ ശാശ്വത പരിഹാരം ലഭിക്കുകയുള്ളൂ എന്നും അതിനായി സമര സന്ദേശം കൂടുതൽ ജനവിഭാഗങ്ങളിലേക്ക് എത്തേണ്ടതുണ്ടെന്നും സമരസമിതി വിലയിരുത്തുന്നു. തൃശ്ശൂർ കേന്ദ്രീകരിച്ച് സമരസഹായസമിതി രൂപീകരിക്കുവാനും ആലോചനയുണ്ട്. നിയമ–ആരോഗ്യ–വിവരാവകാശം–പാരിസ്ഥിതിക പഠന മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. കേരളജനതയുടെ പിന്തുണ ഈ സമരമർഹിക്കുന്നു.


*കണ്ണഞ്ചേരി വീട്, കാതിക്കുടം,*
*കൊരട്ടി–680 308*



***പുസ്തകം കൈപ്പറ്റി***

**വികസനത്തിന്റെ രാസവിദ്യ**
ബഷീർ മാടാല
*പ്രസാധനം :*
സമതാളം ബുക്സ്

**മനസ്സിന്റെ ജീവശാസ്ത്രം**
ഡോ. ആനന്ദൻ
*പ്രസാധനം :*
ഫ്ളെയിം ബുക്സ്



ഗുരുവായൂരിലെ മാലിന്യം ഒഴുകിയെത്തുന്നത് തൈക്കാട് പഞ്ചായത്തിലെ ചക്കംകണ്ടത്താണ്.

**പുതിയ കാളിന്ദി പറയുന്നത്**

ചക്കംകണ്ടം മാലിന്യപ്രശ്നം –
**ഡോക്യുമെന്ററി**

*സംവിധാനം :*
**മുസ്തഫ ദേശമംഗലം**

*നിർമ്മാണം :* വിഷൽ സേർച്ച്

*ബന്ധങ്ങൾക്ക് :* **9446356234**